(സി) കരാർ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്ന് പിഴ ഈടാക്കാറുണ്ട്. എന്നിട്ടും പണി പൂർത്തിയാക്കാതെ വരികയാണെങ്കിൽ വർക്കിൽനിന്നും കരാറുകാരനെ നീക്കം ചെയ്യുകയും ബാക്കിയുള്ള നിർമ്മാണ പ്രവർത്തികൾ മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടിയിലൂടെ ഈടാക്കാറുണ്ട്. ഈ കരാറുകാരനെ മരാമത്ത് വകുപ്പ് പട്ടികയിൽനിന്നും ബ്ലാക്ക് ലിസ്റ്റ് ചെയ്യാറുമുണ്ട്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രൊമോട്ടർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി

1 [2278] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളിൽ പ്രവർത്തിക്കുന്ന പ്രൊമോട്ടർമാർക്ക് നൽകിവരുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് അവസാനമായി പരിഷ്കരിച്ചത് എന്നാണെന്ന് വെളിപ്പെടുത്താമോ;

(സി) ഈ വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിലെ പ്രൊമോട്ടർമാർക്ക് പ്രതിമാസം 2000 രൂപ നിരക്കിലും പ്രീ മെട്രിക്ക് ഹോസ്റ്റൽ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഹോസ്റ്റൽ റസിഡന്റ് ട്യൂട്ടറുടെ ചുമതല വഹിക്കുന്നവർക്ക് പ്രതിമാസം 2500 രൂപ നിരക്കിലും ഓണറേറിയം നൽകിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവർത്തിക്കുന്ന പ്രൊമോട്ടർമാർക്ക് പ്രതിമാസം 1500 രൂപ നിരക്കിലാണ് ഓണറേറിയം നൽകി വരുന്നത്.

(ബി) പട്ടികജാതി വികസന വകുപ്പിൽ ഓണറേറിയം പരിഷ്കരിച്ചിട്ടില്ല. എന്നാൽ 20-8-2001-ലെ സർക്കാർ കത്ത് നമ്പർ 12003/ബി3/01 പജ.പവ.വിവ. പ്രകാരം പ്രീ മെട്രിക്ക് ഹോസ്റ്റൽ റസിഡന്റ് ട്യൂട്ടറുടെ ചുമതലകൂടി വഹിക്കുന്നവർക്ക് 500 രൂപാ കൂടി വർദ്ധിപ്പിച്ച് പ്രതിമാസം 2500 രൂപാ ഓണറേറിയമായി നിശ്ചയിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിൽ 28-1-2002-ലെ സർക്കാർ ഉത്തരവ് 64/2002/പജ.പവ.വിവ. പ്രകാരം ഓണറേറിയം 1000 രൂപയിൽ നിന്ന് പ്രതിമാസം 1500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി, ഡി) പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവർത്തിക്കുന്ന പ്രൊമോട്ടർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്ന വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly